


# ബോധിനി

# ആമുഖം

ആധുനികയുഗത്തിൽ സാങ്കേതിക വിദ്യ
വളരെയേറെ വളർച്ചനേടികഴിഞ്ഞിരിയ്ക്കുന്നു . ഇന്ന്
വിവരവിനിമയ സാങ്കേതിക വിദ്യ
മനുഷ്യനൊഴിച്ചുകൂടാനാകാത്തഘടകമായി
മാറിയിരിയ്ക്കുന്നു . ഭൂമിഗോളത്തിൻെറ അറിവുകൾ
മനുഷ്യൻെറ വിരൽ തുമ്പിലാക്കാൻ സാങ്കേതിക
വിദ്യ സഹായിക്കുന്നു . അനുദിനം
വികസിച്ചുകൊണ്ടിരിയ്ക്കുന്ന
വിവരവിനിമയസാങ്കേതികവിദ്യയുടെ
വിസ്മയലോകത്തേയ്ക്കും നൂതനഅറിവുകളിലേക്കും
കുട്ടികളെ കൈപിടിച്ചുയർത്താനുതകുന്ന
മാധ്യമമാണിത് .

പാഠ്യപാഠ്യേതര
പ്രവർത്തനങ്ങൾക്ക് ആവശ്യമായ മലയാളം
ടൈപ്പിംഗിലൂടെകുട്ടികളുടെ സർഗവാസന
വളർത്തുകയാണ് ഇ-മാഗസിൻെറ ഉദ്ദേശ്യം .

ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ മേൽനോട്ടത്തിൽ ഈ സ്കൂളിലെ എല്ലാ അദ്ധ്യാപകരുടെയും വിദ്യാർഥികളുടെയും സഹായത്തോടെയാണ് " ബോധിനി" എന്ന ഇ - മാഗസീൻ തയ്യാറാക്കിയത്

.

**ഉള്ളടക്കം**

## Alphabetical Index


ചിന്നൻെറ ബുദ്ധി.......25
മഹത് വചനങ്ങൾ.......26
അമ്മയെന്ന സ്വർഗ്ഗം.......10
ആധുനിക ഹിന്ദികവികൾ.......30
ആശംസ.......5
ഇര.......7
ഉറൂബ്.......50
എൻെറ മേഘം.......15
കുസൃതി കാറ്റ്.......12
കുറുക്കനെ കണ്ടോ?.......9
കൃഷി.......17
കൃഷി കടങ്കഥകൾ.......23
കൃഷിച്ചൊല്ലുകൾ.......19
കേരളം.......53
കൈകേയിയുടെ സഹായം.......36
ക്രിസ്സ്.......28
ഗണിതം.......51
ഞാറ്റുവേലയ്ക്കനുസരിച്ച്.......21
നിത്യചൈതന്യയതി.......47
നീ.......11
പി . ഭാസ്കരൻ.......41
പ്രമുഖ ഇംഗ്ലീഷ്സാഹിത്യകാർ.......34
പ്രളയം.......52
പ്രാചീനകവികൾ ഹിന്ദി.......32
മിന്നും താരകം.......6
യൂസഫലികേച്ചേരി.......48
രാജലക്ഷ്മി.......43
വായനയുടെ വളർത്തച്ഛൻ.......39
സി . വി . ശ്രീരാമൻ.......45

# ആശംസ



കാലത്തിൻെറ
കുത്തൊഴുക്കിലുണ്ടായമഹാപ്രളയത്തെ അതിജീവിച്ച്
തലമുറകളിൽ അറിവിൻെറ വെളിച്ചം പകർന്ന്
നൽകി ഞങ്ങളുടെ സരസ്വതീവിദ്യാലയം
മുന്നോട്ട്.....................

# മിന്നും താരകം

**മിന്നും മിന്നും താരകമേ**
**നിന്നെക്കാണാനെന്ത്ര ചന്തം**
**പുഞ്ചിരിതൂകിയിതെങ്ങോട്ടാ?**
**ചന്ദ്രമ്മാവൻ വിരുന്നു വിളിച്ചോ?**

**മിന്നും മിന്നും താരകമേ ,**
**പുഞ്ചിരി തൂകും താരകമേ,**
**കാണാൻ നല്ലൊരു കാഴ്ച**
**കണ്ണിനെന്ത്ര കുളിർമ.**

**മിന്നും മിന്നും താരകമേ**
**അമ്പിളിമാമൻെറ മാറാപ്പിൽ ഉറങ്ങീടുന്നൊരു**
**താരകമേ.......**
**വെട്ടിത്തിളങ്ങുന്ന താരകമേ.**

**നന്ദന സതീശലൻ9A**

# ഇര

കാണുന്നതെല്ലാം സത്യമല്ല,
കാണാത്തതെല്ലാം മിഥ്യയുമല്ല-
സത്യമോ മിഥ്യയോ എന്നറിയാതുഴലുന്നൊരു
എന്നിൽ മൂകം
ശാന്തി തേടുന്നൊരാ നിർമ്മലമാം മനങ്ങ-
ളെത്തുന്നതോ ഇരയെ പിടിയ്ക്കാനിരിക്കുന്നൊരാ
നരി തന്റെ ചക്രവ്യൂഹത്തിലും.
പട വെട്ടിയും പിന്നെ അടി മാറ്റിയും ഒളിയമ്പു-
യുദ്ധം നടത്തുന്നൊരാ മനുജനും ആ നരി തന്റെ
വർഗ്ഗമാണോർക്കിലോ'.
ഈ രണ്ടു കൂട്ടരും ഇരയെ വിഴുങ്ങുവാൻ കെണി
വെച്ചു പാർത്തിരിപ്പൂ നിശ്ശബ്ദം,
അറിയാതെ വന്നൊരാ കെണി തന്നിലാണ്ടു പോയ്
ഇനി കേഴുകല്ലാതെ വേറെയെന്ത്?
ഇര തന്റെ ദീനമാം രോദനങ്ങൾക്കു ചെവി കൊടു-
ക്കാതെ പോകുമാ മർത്യജന്മങ്ങളും

**തീരാ വ്യഥകളിൻ പടുകുഴിയിൽ തള്ളിയിട്ടുകിലോ**

**സുഖമാർക്ക വ്യഥയാർക്ക് ഇരയ്ക്കോ മൃഗത്തിനോ?**

**ഒന്ന് മറ്റൊന്നിനായി തീരണമെന്നതീ-**

**പാരിന്റെ സ്പഷ്ടമാം വൃത്താന്തമായിരുന്നാലും**

**അതിജീവനം,അതേവർക്കുമോടണം**

**സിരകളിൽ ദീർഘമാം തൻ ജീവവായുപോൽ.**

**-സംഗീത.എസ്**

**9B**

# കുറുക്കനെ കണ്ടോ?

കുറുക്കൻെറ കൂടൊരു
കുറുക്കനെ കണ്ടോ?
ഓടുമ്പോൾ കൂടോടും
കുറുക്കനെ കണ്ടോ?
ചാടുമ്പോൾ ചാടും
കുറുക്കനെ കണ്ടോ?
നില്ക്കുമ്പോൾ നില്ക്കും
കുറുക്കനെ കണ്ടോ?
മോങ്ങുമ്പോൾ മോങ്ങും
കുറുക്കനെ കണ്ടോ?
കുറുക്കൻെറ കൂടൊരു
കുറുക്കനെ കണ്ടോ?
കുറുക്കൻെറ നിഴലാം
കുറുക്കനെ കണ്ടോ?

ലിറ്റി ലാൽജി.

# അമ്മയെന്ന സ്വർഗ്ഗം

കരഞ്ഞുവന്ന നമ്മെ ചിരിച്ചുകൊണ്ട്

മാറോടണച്ച പുണ്യം,

പത്തുമാസം വയറ്റിലും ഒരായുഷ്കാലം ഹൃദയ-

ത്തിലും കൊണ്ടുനടന്ന പുണ്യം,

നിന്റെ കുറുമ്പുകളും കുസൃതികളും

കാണാൻ കൊതിച്ച കാലം,

നെഞ്ചോട് ചേർന്ന താരാട്ടുപാട്ടിന്റെ

താളത്തിൽ നീ മയങ്ങിയ കാലം,

ഓരോ ചോറുരുളയ്ക്കൊപ്പം നീ കേട്ട കഥയിലെ

വാത്സല്യം മാത്രം,

പനിയേറ്റ് വാടിയ നിന്റെ നെറ്റിത്തടത്തിൽ

സ്നേഹവും വാത്സല്യവും വിരിച്ച്

തണലേകിയ അമ്മയുടെ സാമീപ്യം

പനിയേറ്റ് വാടിയ നിന്റെ മുന്നിൽ

നിഴലുപോലെ ഒപ്പം വന്ന

നിന്റെ അമ്മയുടെ പ്രാർത്ഥന

**അമ്മയുടെ കരളിൽ തട്ടിയുള്ള താളത്തിന് പകരം നല്കാൻ**

**ഈ ജന്മം മതിയാകുമോ നിനക്ക്?**

**-ലിഥിൻ ബിജു. 8B**

# നീ

**നാം ആയി നമ്മുക്കായിഒന്നായ് ഒരുമയായ്**
**ഒരുപാട് സ്വപ്നങ്ങൾ കണ്ടു ഞാൻ.**
**ഇന്നും ഇന്നലെം**
**മിണ്ടാതെ പോയൊരു കാറ്റിൻ ഈണമായ്**

**അശ്വതി . കെ 9B**

# കുസൃതി കാറ്റ്


ഇളം കാറ്റിൽ പൊതിഞ്ഞ് ഓടികളയുന്ന
കുസൃതി കാറ്റേ
നിന്നെ വരുതിയിലാക്കാൻ ശ്രമിക്കുമ്പോൾ
പുഞ്ചിരി കാട്ടി എന്നെ മയക്കിലെ
നിൻെറ സ്പർശനമേറ്റ് ചില്ല എന്നെ
നർത്തനം ചെയ്യാൻ വിളിക്കുമ്പോൾ

അവയോടൊപ്പം ഞാനും ആനന്ദം
പ്രവാഹത്തിൽ എന്നപോലെ നർ-
ത്തനം ചെയ്യുന്നു.
നിൻ വേഗതയിൽ പൂക്കളും,ഇലകളും
ഇതളായി മണ്ണിൽ വീഴുന്നു.

ഞാൻ നിന്നെ പ്രതീക്ഷിച്ച് നിൽക്കു
മ്പോൾ നീ ദൂരങ്ങൾ തേടി പായുന്നു.
നിൻെറ കൈകളാൽ പ്രകൃതിയെ
തലോടുമ്പോൾ പൂക്കൾ എന്നെ നോക്കി-
നിൽക്കുന്നതുപോലെ .

**നിന്നെ നേരിൽകാണാൻ തണ്ട്
ഉലഞ്ഞ ഒരു ഇലയെ പോലെ
ഞാൻ കാത്തുനിൽക്കുന്നു.**

പ്രീതി 9A



# എൻെറ മേഘം

നാം ഏവരും ഉയരങ്ങളെ സ്വപ്നം കാണുന്നവരാണ്. ഉയരത്തിൻെറ പ്രതീകമാണ് ആകാശം. ആകാശത്തേയ്ക്ക നോക്കിയിരിക്കുമ്പോൾ ഒരുപാട് വിവിധതരത്തിലുള്ള രൂപങ്ങളെ എനിക്ക് കാണാൻ കഴിഞ്ഞു. മേഘങ്ങൾ ആകാശത്തു നിന്നും പെട്ടെന്നു മറയുന്ന ഒന്നാണ് .ഭൂമിയിൽ നിന്നും ആകാശത്തേക്ക് നോക്കുമ്പോൾ മേഘങ്ങളിൽ പല രൂപങ്ങളും കാണാൻ കഴിയും.ആകാശത്തിൽ നിന്നും വീഴുന്ന ഓരോ മഴ തുള്ളിയും ഭൂമിക്കു വിലപ്പെട്ടതാണ്.നമ്മൾക്കെന്തെങ്കിലും സങ്കടങ്ങളോ,സന്തോഷങ്ങളോ ഉണ്ടെങ്കിൽ

നാം ഏവരും ഉടൻ തന്നെ മുകളിലേക്ക്
നോക്കി ദൈവമേ എന്നു
പറയുന്നവരാണ്.ആകാശം ഒരുപാട്
കാര്യങ്ങളുടെ പ്രതീകമാണ്.അതുപോലെ
തന്നെ മഴ വരുന്നത് അറിയാൻ
ആകാശത്തേക്ക് നമ്മൾ
നോക്കും.കാർമുകിലാണെങ്കിൽ ഉറപ്പാണ് മഴ
പെയ്യിരിക്കും ഇത് പഴമക്കാരുടെ
കണ്ടുപിടിത്തമാണ്. എന്താണെങ്കിലും
എനിക്ക് ആകാശം ഒരുപ്പാട് ഇഷ്ടമാണ്.

ഹിമ

9B....

# കൃഷി

പ്രകൃതിയെ അമ്മയായി കാണുന്ന
അതിമഹത്തായ സങ്കൽപ്പമാണ്
ഭാരതീയരുടേത്.മണ്ണിനെ പൂവണിയിക്കുന്ന
ഏറ്റവും വലിയ കലാപ്രവർത്തനമാണ്
കൃഷി.കാർഷിക വൃത്തിയിലൂടെ ഭക്ഷ്യോൽപാദനം
മാത്രമല്ല നമ്മുടെ ആരോഗ്യത്തെയും സ്വാശ്രയ
ബോധത്തെയും സംസ്കാരത്തെയും വീണ്ടെടുക്കുക
കൂടിയാണ് ചെയ്യുന്നത്.ജീവജാലങ്ങൾക്ക് എല്ലാം
അഭയം
തേടിചെല്ലാവുന്ന,വിശ്വസനീയമായ,സ്വാന്ത്വനമരു-
ളുന്ന പര്യാപ്തമായ സ്ഥാനമാണ് പ്രകൃതിയുടെ
മടിത്തട്ട്.അതുകൊണ്ട് തന്നെ നാം പ്രകൃതിയെ
സ്നേഹിക്കുക,പ്രകൃതിവിഭവങ്ങളുടെ മൂല്യം
അറിഞ്ഞ് അവ സംരക്ഷിക്കുക എന്നിങ്ങനെയുള്ള
ഇത്യാദി ഗുണങ്ങൾ എല്ലാം നാം ബാല്യത്തിലേ

സ്വായത്തമാക്കണം.കൃഷിയിലൂടെ നമ്മുക്ക്
ലഭിക്കുന്ന ആനന്ദവും സ്വായത്തമാക്കുന്ന ആത്മ
വിശ്വാസവുംവലുതാണ്..കരുതല,സൂക്ഷ്മത,ക്ഷമ,
സഹവർത്തിത്ത്വംഅധ്വാനശീലം
തുടങ്ങുവ്യക്തിത്വവികസനത്തിനാവശ്യമായ
സദ്ഗുണങ്ങൾ എല്ലാം നമ്മുക്ക് കൃഷിയിലൂടെ
ലഭിക്കും.

# കൃഷിച്ചൊല്ലുകൾ

- അത്തത്തിലു വിതച്ചാൽ പത്തായം പത്ത് വേണം.
- ആയില്യത്തിൽ പാകാം,അത്തത്തിൽ പറിച്ചു നടാം.
- ഏറെ പൂട്ടിയാൽ കുറച്ചു വിത്തു മതി.
- കണ്ടത്തിലെ പണിക്ക് വരമ്പത്ത് കൂലി.
- നിലമറിഞ്ഞ് വിത്തിടണം.
- കണ്ടം വിറ്റു കാളയെ വാങ്ങണോ?
- കൊയ്യാത്ത അച്ചിക്ക് അരിവാൾ എന്തിന്?
- കോരി വിതച്ചാലും വിധിച്ചതേ വിളയൂ.
- തേവുന്നവൻ തന്നെ തിരിക്കണം.
- നാലും കടം കൊണ്ടവൻ കൃഷി ചെയ്യണ്ട.
- പതിരില്ലാത്ത കതിരില്ല.

- നെല്ലുള്ളിടത്ത് പുല്ലും കാണും.
- വിത്തിട്ടവൻ വിള കൊയ്യും.
- നട്ടുതിന്നണം ചുട്ടു തിന്നണം.
- അന്നു വെച്ച വാഴ അന്നു കുലയ്ക്കില്ല.

# ഞാറ്റുവേലയ്ക്കനുസരിച്ച്.....

മീനമാസത്തിൽ തീരുന്ന ഒരു വർഷത്തെ പതിമൂന്നര ദിവസങ്ങളുൾ കൊള്ളുന്ന ഞാറ്റുവേലകളാക്കി തിരിച്ചിരിക്കുന്നു.അശ്വതി നാളിലാണ് ആരംഭിച്ച് രേവതി നാളിൽ ഓരോ വിളയ്ക്കും അനുയോജ്യമായ കാലം,കാലാവസ്ഥപ്രകാരം പറഞ്ഞുതരുന്ന കലണ്ടറാണു ഞാറ്റുവേല .കൊല്ലവർഷം ചിങ്ങത്തിലാണു തുടങ്ങുന്നത്.മലയാളിയുടെ കാർഷിക വർഷാരംഭം മേടമാസത്തിലാണ്.മേടം ഒന്നു മുതൽ തീരുന്ന 27 ഞാറ്റുവേലകളാണ് ഉള്ളത്. [നാളുകളുടെ പേരാണ് ഞാറ്റുവേലകൾക്കും].ഓരോ നക്ഷത്രത്തിലും

സൂര്യൻ സ്ഥിതി ചെയ്യുന്ന സ്ഥലം,സമയം എന്നിവയെ അടിസ്ഥാനമാക്കിയാണ ഞാറ്റുവേലകളുടെ സൃഷ്ടി.സൂര്യൻെറ വേള [ഞാറ്റുവേല]എന്നതിൽ നിന്നാണ ഞാറ്റുവേല എന്ന വാക്കുണ്ടായത്.ഞാറ്റുവേലകൾക്കനുസൃതമായി കർഷകർ വിളപരിപാലനം നടത്തുന്നു.

സ്നേഹ സജി
9B..

# കൃഷി കടങ്കഥകൾ

മുതുകത്തുമുള്ളൻ ചന്തയ്ക്ക് പോയി ?

പാവയ്ക്ക

മണ്ണിൻ കീഴെ ഉണ്ണാച്ചിയും മക്കളും ?

ചേമ്പ

പച്ച കൊത്തി പാറകണ്ടു , പാറ കൊത്തി വെള്ളി കണ്ടു , വെള്ളി കൊത്തി വെള്ളം കണ്ടു ?

തേങ്ങ

കായ്ക്കും പൂക്കും , പക്ഷേ കാക്കയ്ക്കിരിക്കാൻ

സ്ഥലമില്ല ?

നെൽച്ചെടി

നിലം കീറി പൊന്നെടുത്തു ?

മഞ്ഞൾ

# ചിന്നൻെറ ബുദ്ധി

സൂത്രക്കാരനായ ഒരു എലിക്കുട്ടനാണ് ചിന്നൻ. ഒരു വലിയ വീടിൻെറ തട്ടിൻ പുറത്താണ് അവൻെറ താമസം ആ വീട്ടിൽ ഭയങ്കരനായ ഒരു പൂച്ചയും താമസിച്ചിരുന്നു . പാച്ചു എന്നായിരുന്നു അവൻെറ പേര്. മഹാ ദുഷ്ടനായിരുന്നു അവൻ. ഏങ്ങനെയെങ്കിലും ചിന്നനെ തിന്നണമെന്നായിരുന്നു അവൻെറ മോഹം. ഒരു ദിവസം ചിന്നൻ വീടിൻെറ അടുക്കളയിൽ കപ്പ തിന്നുകയായിരുന്നു. അപ്പോൾ പാച്ചൻ അതു വഴി വന്നു. ഹമ്പട നിൻെറ കഥ കഴിഞ്ഞു .പാച്ചൻ പതുങ്ങിപ്പതുങ്ങിച്ചെന്നു. പക്ഷേ സൂത്രക്കാരനായ ചിന്നൻ പാച്ചു വരുന്നതു കണ്ടിരുന്നു. പാച്ചു അടുത്തേയ്ക്ക് എത്തിയതും ചിന്നൻ ഒരു കലം തട്ടി അവൻെറ തലയിൽ ഇട്ടു.പാച്ചൻെറ തല കലത്തിൽ കുടുങ്ങിപ്പോയി. ആ തക്കത്തിന് ചിന്നൻ ഓടി രക്ഷപ്പെട്ടു. പിന്നീടൊരിക്കലും പാച്ചൻ പുറകെ പോയിട്ടില്ല.

അശ്വതി.കെ 9B....

# മഹത് വചനങ്ങൾ

- "എനിക്ക് ജീവിതത്തിൽ മൂന്ന് സാധനങ്ങൾ വേണ്ടു;

  അവ പുസ്തകങ്ങൾ,പുസ്തകങ്ങൾ,പുസ്തകങ്ങൾ മാത്രം".

  -ലിയോ ടോൾസ്റ്റോയ്

- "അറിവ് ശക്തിയാണ്".

  -ഹോബ്സ്

- "ചില പുസ്തകങ്ങൾ രുചിച്ചു നോക്കാനുള്ളതാണ്.വേറെ

  ചിലത് വിഴുങ്ങാനും.എന്നാൽ ഇനിയും ചിലത് ചവച്ചിറക്കി ദഹിപ്പിക്കുക തന്നെ വേണം."

  -ഫ്രാൻസിസ് ബേക്കൺ

വളരും.വായിച്ച് വളർന്നാൽ വിളയും,വായിക്കാതെ വളർന്നാൽ വളയും."

–കുഞ്ഞുണ്ണി മാഷ്

- "വായിക്കാൻ സമയമില്ലെന്ന് പറയുന്നവർ ബുദ്ധിപരമായി ആത്മഹത്യ ചെയ്യുന്നു."

–തോമസ് ഡ്രൈയർ

# ക്വിസ്സ്

- കേരളം രൂപം കൊണ്ടതെന്ന്?

  1956 നവംബർ 1

- കേരളത്തിലെ ആദ്യത്തെ മുഖ്യമന്ത്രി?

  ഇ എം എസ് നമ്പൂതിരിപ്പാട്

- കേരളത്തിലെ ആദ്യത്തെ വിദ്യാഭ്യാസ മന്ത്രി?

  പ്രൊഫ: ജോസഫ് മുണ്ടശ്ശേരി

- കേരളത്തിലെ ആദ്യത്തെ കോളേജ്?

  സി എം എസ് കോളേജ്

- കേരളത്തിൽ ആദ്യമായി നിർത്തലാക്കിയ പത്രം?

  സന്ദിഷ്ടവാദി

- കേരളത്തിലെ ആദ്യത്തെ ഗവർണ്ണർ?

ബി രാമകൃഷ്ണറാവു

- ആദ്യ മലയാള നോവൽ?

  കുന്ദലത

- ഏറ്റവും വലിയ മലയാള നോവൽ?

  അവകാശികൾ

# ആധുനിക ഹിന്ദികവികൾ





## ത്രിലോചൻ

## ബച്ചൻ.



ഗോപാൽ ദാസ്

.


പുണ്ടരീക്




# പ്രാചീനകവികൾ ഹിന്ദി


Surdas







# പ്രമുഖ  ഇംഗ്ലീഷ്സാഹിത്യകാർ




Wordsworth



Willam shakespere

John ketes

# കൈകേയിയുടെ സഹായം

ഒരിക്കൽ ഒരു രാക്ഷസനും ദേവേന്ദ്രനും വലിയ യുദ്ധം നടന്നു.ശക്തനായ രാക്ഷസനെ തോല് പ്പിക്കാൻ കഴിയാതെ ദേവേന്ദ്രൻ വിഷമിച്ചു.ഒടുവിൽ അയോദ്ധ്യയിലെ രാജാവായ ദശരഥൻെറ സഹായം തേടി.

പത്തു ദിക്കിലേക്ക് ഒരേ ആളായിരുന്നു ദശരഥൻ.അദ്ദേഹം പതിയായ കൈകേയിയെ രഥത്തിൽ ഇരുത്തി ദേവ സമയം രഥമോടിച്ച് യുദ്ധം നയിക്കാൻ കഴിവുള്ള ലോകത്തെത്തി യുദ്ധം തുടങ്ങി.പെട്ടെന്ന് ദശരഥൻെറ രഥത്തിലെ ചക്രത്തിൽ ഉറപ്പിച്ചിരുന്ന ആണി ഇളകി പോയി.

"അയ്യോ രഥം ഇപ്പോൾ മറിയുമല്ലോ" കൈകേയി അതു കണ്ടു.ഉടൻ തന്നെ കൈകേയി തൻെറ വിരൽ ആണിയുടെ ഭാഗത്ത്

കടത്തി വെച്ചു.എന്നിട്ട് സർവ്വ ശക്തിയും പ്രയോഗിച്ച് ഇളകിയ ഭാഗം തെറിച്ച് പോകാതെ ബലമായി പിടിച്ചു.ഇതൊന്നും അറിയാതെ ദശരഥൻ യുദ്ധം തുടർന്നു.ഒടുവിൽ രാക്ഷസൻെറ കഥ കഴിക്കുകയും ചെയ്തു.

അപ്പോഴാണ് കൈകേയി ചക്രത്തിൽ വിരൽ കടത്തി വെച്ചിരുന്ന കാര്യം ദശരഥൻ അറിഞ്ഞത്."എൻെറ കൈ പോയാലും അങ്ങേയ്ക്ക് ആപത്തുണ്ടാകരുതെന്ന് ഞാൻ കരുതി".കൈകേയി പറഞ്ഞു.അതുകേട്ട് ദശരഥന് വലിയ സന്തോഷം തോന്നി.തൻെറ ജീവൻ രക്ഷിച്ച രാജ്ഞിയുടെ എന്ത് ആഗ്രഹമാണ് ഞാൻ സാധിച്ചു തരേണ്ടത്? ദശരഥൻ ചോദിച്ചു."ആഗ്രഹങ്ങൾ പിന്നീട് ചോദിച്ചു കൊള്ളാം"കൈകേയി പറഞ്ഞു.

വർഷങ്ങൾക്കു ശേഷം മൂത്ത മകനായ ശ്രീരാമനെ രാജാവാക്കാൻ ദശരഥൻ

തീരുമാനിച്ചു.എന്നാൽ മറ്റൊരു മകനായ ഭരതനെ രാജാവാക്കണം.എന്നായിരുന്നു കൈകേയിയുടെ ആഗ്രഹം.കൈകേയി തന്റെ ആഗ്രഹം അറിയിച്ചു.ദശരഥൻ തന്റെ വാക്ക് പാലിച്ചു.കൈകേയിയുടെആഗ്രഹം അനുസരിച്ച് ഭരതനെ രാജാവാക്കി.ശ്രീരാമൻ വനവാസത്തിന് കാട്ടിലേക്കുംയാത്രയായി.

അഖില വിശാഖൻ



## വായനയുടെ വളർത്തച്ഛൻ

വായനയുടെ വളർത്തച്ഛൻ എന്നറിയപ്പെചടുന്ന പി .എൻ പണിക്കരുടെ ചരമദിനമാണ് ജൂൺ 19.അദ്ദേഹത്തോടുള്ള ആദരസൂചകമായി ഈ ദിവസം വായനാദിനമായി ആചരിക്കുന്നു.കേരളത്തിൽ സാക്ഷരതാ പ്രവർത്തനത്തിനു

ഗ്രന്ഥശാലാ പ്രസ്ഥാനത്തിനും അടിത്തറ പാകിയത് പി എൻ പണിക്കരാണ്.വായിച്ചു വളരുക എന്ന മുദ്രാവാക്യവുമായി പ്രവർത്തിച്ച അദ്ദേഹം കേരള ഗ്രന്ഥശാലാ സംഘം,കാൻഫെഡ് എന്നിവയ്ക്ക് നേതൃത്വം നൽകി. പുതുവായിൽ നാരായണ പണിക്കർ എന്നാണ് മുഴുവൻ പേര്.കോട്ടയത്ത്

നീലംപേരൂരാണ് ജനനസ്ഥലം.


1909-ജനിച്ചു.1995 ജൂൺ 19-നാണ് അന്തരിച്ചത്.

2004-ൽ

പണിക്കരുടെ സ്മരണയ്ക്കായി തപാൽ വകുപ്പ് സ്റ്റാംപ് പുറത്തിറക്കി.അദ്ദേഹത്തിന്റ ഓർമ്മയ്ക്കായി ജൂൺ 19 മുതൽ

25 വരെ വായനാവാരവും ആചരിക്കുന്നു.

# പി . ഭാസ്കരൻ



(1924 – 2007)

കവി , ഗാനരചയിതാവ് , ചലചിത്രകാരൻ , മാധ്യമപ്രവർത്തകൻ , എന്നീന നിലകളിൽ പ്രശസ്തൻ. ദീർഘകാലം ആകാശവാണിയിൽ ജോലിചെയ്തു . ദീപികാ പത്രാധിപർ , ഏഷ്യനെറ്റിൻെറ ആദ്യ ചെയർമാൻ എന്നീ പദവികൾ വഹിച്ചിട്ടുണ്ട് . പത്മശ്രീ , കേന്ദ്ര - കേരള സാഹിത്യ അക്കാദമി അവാർഡുകൾ , വയലാർ അവാർഡ് , ഓടക്കുഴൽ അവാർഡ് , ജെ. സി. ഡാനിയൽ അവാർഡ് എന്നീ ബഹുമതികൾക്ക് അർഹനായി . ഒറ്റക്കമ്പിയുള്ള തംമ്പുരു , ഓർക്കുക വല്ലപ്പോഴും , വയലാർ ഗർജിക്കുന്നു ,

ഓടക്കുഴലും ലാത്തിയും , ഒരിക്കൽക്കൂടി, കായൽക്കാറ്റ് , രണഭേരി , കർഷകഗാനം (കവിതകൾ) , നാഴിയുരിപ്പാൽ (ഗാനസമാഹാരങ്ങൾ) സിനിമാനിർമാണം , കാടാറുമാസം (ഉപന്യാസങ്ങൾ) എന്നിവയാണ് പ്രധാന കൃതികൾ .

# രാജലക്ഷ്മി



പാലക്കാടിനടുത്ത് ചെർപ്പുളശ്ശേരിയിൽ ജനനം . ബനാറസ് ഹിന്ദു കോളേജിൽ നിന്ന് എം . എസ്സി പാസായി . പന്തളത്തും ഒറ്റപ്പാലത്തുമുള്ള എൻ. എസ്സ് . എസ്സ് . കോളേജുകളിൽ അദ്ധ്യാപികയായിരുന്നു . ഞാനെന്നഭാവം , രാജലക്ഷ്മിയുടെ കഥകൾ എന്നിവയാണ് പ്രധാന കൃതികൾ . 1960-ൽ കേരള സാഹിത്യ അക്കാദമി അവാർഡ ലഭിച്ചു . 1965-ൽ അന്തരിച്ചു .



# സി . വി . ശ്രീരാമൻ

തൃശ്ശൂർ ജില്ലയിലെ ചെറുതുരുത്തിയിൽ ജനിച്ചു . കഥാകൃത്ത് , രാഷ്ട്രീയ പ്രവർത്തകൻ , അഭിഭാഷകൻ . കേരള സാഹിത്യ അക്കാദമി ഉപാധ്യക്ഷൻ , കേന്ദ്ര സാഹിത്യ അക്കാദമി അംഗം എന്നീ പദവികൾ വഹിച്ചിട്ടുണ്ട .ഗ്രാമപ്പഞ്ചായത്ത് , ബ്ലോക്ക് പഞ്ചായത്ത് എന്നിവയുടെ പ്രസിഡൻറായിരുന്നു . തീർഥകാവടി , പുറംകാഴ്ചക്കൾ എന്നിവയാണ് കൃതികൾ .

കേന്ദ്ര - കേരള സാഹിത്യ അക്കാദമി അവാർഡുകൾ ലഭിച്ചു .

# നിത്യചൈതന്യയതി

**(1924 – 1999)**

പത്തനംതിട്ടയിലെ വകയാറിൽ ജനിച്ചു . തത്ത്വചിന്തകൻ , എഴുത്തുക്കാരൻ എന്നീനിലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചു . മനശ്ശാസ്ത്രം ജീവിതത്തിൽ , യതിചര്യ ,മൂല്യങ്ങളുടെ കുഴമറിച്ചിൽ ,നളിനി എന്ന കാവ്യ ശിൽപ്പം , സമ്യക്കായ ലോകവീക്ഷണം , എൻെറ മനസ്സിലെ ഗാന്ധി , പ്രേമവും ഭക്തിയും തുടങ്ങി നൂറിലേറെ മലയാളക്രിതികൾ രചിച്ചിട്ടുണ്ട . Neither this nor that തുടങ്ങി അൻപത്തിയെട്ടോളം ഇംഗ്ലീഷ് ക്രിതികളും രചിച്ചു . കേരള

*സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചു .*



# യൂസഫലികേച്ചേരി

(1934 - 2015)

തൃശ്ശൂർ ജില്ലയിലെ കേച്ചേരിയിൽ ജനിച്ചു . ബി . എൽ പഠന ശേഷം കുറച്ചു കാലം അഭിഭാഷകനായിരുന്നു . പിന്നീട് കവിതാ രചനയിലെക്ക് തിരിഞ്ഞു . സിനിമാരംഗത്തും സജീവമായി

പ്രവത്തിച്ചിരുന്നു . ചലചിത്ര നിർമാതാവ് , ഗാനരചയിതാവ് ,കേരള നാടക അക്കാദമി അസി . സെക്രട്ടറി , കേരള സാഹിത്യ അക്കാദമി പ്രസിഡൻ്റ എന്നീ നിലകളിൽ പ്രവർത്തിച്ചുണ്ട .ആയിരം നാവുള്ള മൗനം , സൈനബ , ഓർമ്മയ്ക്ക് താലോലിക്കാൻ , അഞ്ചുകന്യകകൾ എന്നിവയാണ് പ്രധാനകൃതികൾ .

# ഉറൂബ് [1915-1979]

മലപ്പുറം ജില്ലയിലെ പൊന്നാനിയിൽ
ജനനം.കേരള സാഹിത്യ അക്കാദമി
അധ്യക്ഷനായിരുന്നു.കേന്ദ്ര-കേരള സാഹിത്യ
അക്കാദമി അവാർഡുകൾ
ലഭിച്ചു.അമ്മിണി,ഉമ്മാച്ചു,സുന്ദരികളും
സുന്ദരന്മാരും
,മിണ്ടാപ്പെണ്ണ്
,മൗലവിയുംചങ്ങാതിമാരും
,ഗോപാലൻനായരുടെ
താടി,രാച്ചിയമ്മ,അപ്പുവിൻെറ ലോകം
തുടങ്ങിയവ പ്രധാന രചനകൾ.

# ഗണിതം

## സമചതുരം

a

പരപ്പളവ് =വശം x വശം

ചുറ്റളവ് =വശം x 4

## ചതുരം

പരപ്പളവ്=നീളം x വീതി

ചുറ്റളവ് = 2 x [നീളം + വീതി]


## ത്രികോണം

പരപ്പളവ്=1/2 x പാദം x ലംബം

ചുറ്റളവ്=വശങ്ങളുടെ ആകെ തുക

## വൃത്തം

പരപ്പളവ്=22.7 x [ആരം x ആരം]
ചുറ്റളവ്=2 [22.7 x ആരം]



# പ്രളയം

**അരക്ഷണം കൊണ്ടു നീ തകർത്തെറിഞ്ഞത്**
**കേവലം ഒരു നാടിനെ മാത്രമല്ല ,**
**ഒരു ജനത തൻ ജീവിതസ്വപ്നങ്ങൾ കൂടിയാണ്.**
**മധുരസ്മിതം തൂകി നിന്നൊരാ പ്രകൃതിയോ**
**സംഹാരഭാവം പൂണ്ട്,**
**അതിൽ തകർന്നത് സമ്പന്നൻ തൻ**

**ആഡംബരസ്വപ്നങ്ങൾ മാത്രമല്ല,**
**പഷ്ണിക്കാർ തൻ കണ്ണീർക്കിനാവും പൊലിഞ്ഞു**
**അതിൽ അടിപതറാതെ**
**പരസ്പരം സ്നേഹിച്ചും കരുതിയും**
**ഒരേ മനമോടെ നാം മുന്നേറുന്നു.**

**പാർവ്വതി.പ്രസന്നൻ**
**9B**

# കേരളം

സസ്യ ശ്യാമള കോമളമാകും
സഹ്യഗജേന്ദ്രൻ നിൽക്കുന്നു
വെൺമുകിലഴകിൻ മസ്തകമുകളിൽ
വെൺകൊറ്റക്കുട നിൽക്കുന്നു.

കുട്ടികൊമ്പന് കനകവസന്തം
നെറ്റിപട്ടം ചാർത്തുന്നു.
തെങ്ങുകൾ തെയ്യം തുള്ളുന്നു,തൈ-
ത്തെന്നൽ തോറ്റം പാടുന്നു.

കതിരണി വയലും മലരണി വനവും
കരകം കാവടിയാടുന്ന
കഥകളി പടയണി കാണാനാളുകൾ
കടലുകടന്നിങ്ങണയുന്നു.

ഹൃദ്യ സുരേഷ്